പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*354 14/07/2015-ൽ മറുപടിയ്ക്ക്

## ആദിവാസി മേഖലയിലെ പദ്ധതി വിഹിതം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ<br>" കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. കെ. വി. വിജയദാസ് : | | ശ്രീമതി. പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ആദിവാസി മേഖലയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുവദിക്കുന്ന പദ്ധതികൾക്കുള്ള പണം വക മാറ്റി ചെലവഴിക്കുന്ന സാഹചര്യം ഉണ്ടാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ആദിവാസി മേഖലയിൽ പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനത്തിനായി സംസ്ഥാന പദ്ധതികൾക്ക് അനുവദിക്കുന്ന തുക ഏതെങ്കിലും കാരണത്താൽ വർഷാന്ത്യവേളയിൽ മുഴുവനായി ചെലവഴിക്കാൻ സാധിക്കാത്ത അവസ്ഥ ഉണ്ടെന്ന് കണ്ടാൽ അധിക തുക ആവശ്യമായി വരുന്ന പദ്ധതികൾക്ക് തുക വക മാറ്റി ചെലവഴിക്കാറുണ്ട്. |
| (ബി) | ആദിവാസി മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾക്കായി അനുവദിക്കുന്ന പണം പദ്ധതി നടപ്പിലാക്കുന്നതിൽ വരുന്ന വീഴ്ച കാരണം ലാപ്സാവുന്ന സ്ഥിതി വിശേഷം ഉണ്ടാകുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | പട്ടികവർഗ്ഗ ക്ഷേമകാര്യങ്ങൾക്ക് അനുവദിക്കുന്ന തുക അതാത് പദ്ധതികൾക്ക് തന്നെ കാര്യക്ഷമതയോടുകൂടി പദ്ധതി നിർവ്വഹണം നടത്തി മുഴുവൻ തുകയും ചെലവഴിക്കുന്നുണ്ട്. വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. ചില സാങ്കേതിക കാരണങ്ങളാൽ പൊതുമരാമത്ത് വകുപ്പിന് അനുവദിക്കുന്ന തുക മുഴുവൻ വർഷാവസാനം ചെലവഴിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകാറുണ്ട്. |

| | | | |
|---|---|---|---|
| (സി) | ആദിവാസികൾക്ക് അനുവദിക്കുന്ന പദ്ധതികളുടെ തുക പോലും അതത് ആവശ്യങ്ങൾക്കായി സമയബന്ധിതമായി ഉപയോഗിക്കുന്നതിന് സാധ്യമാകാതെ വരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ ? | (സി) | പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുക അതാത് പദ്ധതികൾക്ക് തന്നെ സമയബന്ധിതമായി ചെലവഴിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി വകുപ്പദ്ധ്യക്ഷൻമാർ വകുപ്പുതല അവലോകന യോഗങ്ങൾ നടത്തി ജില്ലാതല നിയന്ത്രണോദ്യോഗസ്ഥർക്ക് കാര്യക്ഷമതയോടുകൂടി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ആവശ്യമായ നിർദ്ദേശം നൽകി പദ്ധതി പുരോഗതി കൈവരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ.